# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4537** **13.11.2019 ലെ മറുപടി**

## വൈപ്പിൻ നിയോജകമണ്ഡലത്തിലെ വിവിധ തോടുകളിലെ ചെളി നീക്കം ചെയ്യുന്നതിന് നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.ശർമ്മ :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| പ്രളയവും തുടർച്ചയായ മഴയും ദുരിതം വിതയ്ക്കുന്ന വൈപ്പിൻ നിയോജക മണ്ഡലത്തിലെ, വിവിധ തോടുകളിലെ ചെളി നീക്കം ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | വൈപ്പിൻ നിയോജകമണ്ഡലത്തിലെ, വിവിധ തോടുകളിലെ ചെളി നീക്കം ചെയ്യുന്നതിന് എസ്.ഡി.ആർ.എഫിൽ ഉൾപ്പെടുത്തി 152 പ്രവൃത്തികൾക്കായി 248.98 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നായരമ്പലം മുളവുകാട്, കടമക്കുടി, ഞാറയ്ക്കൽ, പള്ളിപ്പുറം, എടവനക്കാട്, എളങ്കുന്നപ്പുഴ, കിഴപ്പിള്ളി എന്നീ പഞ്ചായത്തുകളിലെ തോടുകളിലെ ചെളി നീക്കം ചെയ്യുന്നതിനാണ് തുക അനുവദിച്ചിട്ടുള്ളത്. ഇതിൽ 91 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 61 പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.<br>കൂടാതെ, വൈപ്പിൻ നിയോജകമണ്ഡലത്തിലെ വാടയിൽതോടിന്റെ ചെളി നീക്കം ചെയ്യുന്നതിന് 2 പ്രവൃത്തികൾക്കായി 30 ലക്ഷം രൂപ യുടെയും, ആർ.എം.പി.തോടിന്റെ ചെളി നീക്കം ചെയ്യുന്നതിന് 4 പ്രവൃത്തികൾക്കായി 93 ലക്ഷം രൂപയുടെയും, വേലൻ തോടിന്റെ ചെളി നീക്കം ചെയ്യുന്നതിന് ഒരു പ്രവൃത്തിക്കായി 25 ലക്ഷം കരിതല തോടിന്റെ ചെളി നീക്കം ചെയ്യുന്നതിന് 2 പ്രവൃത്തികൾക്കായി 28.30 ലക്ഷം രൂപയുടെയും, തേക്കേക്കാട്- തുണ്ടച്ചിറ തോടിന്റെ ചെളി നീക്കം ചെയ്യുന്നതിന് 2 പ്രവൃത്തികൾക്കായി 27.20 ലക്ഷം രൂപയുടെയും, പ്രവൃത്തികൾ എസ്.ഡി.ആർ.എഫ് മുഖേന ഏർപ്പാട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ